**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പരിധിയിൽ വരുന്ന സ്കൂൾ കെട്ടിടങ്ങൾ ആശുപത്രികൾ മറ്റു സർക്കാർ പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കിണർ റീ ചാർജ്ജിംഗ് അടക്കമുള്ള ഭൂഗർഭ ജലസംരക്ഷണം നടത്തുന്നതിനുള്ള ജലശ്രീ പ്രോജക്ട് (പ്രോജക്ട് നം.579/19) നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാ.ധാ) നം.2707/2018/തസ്വഭവ          തിരുവനന്തപുരം, തീയതി, 23.10.2018**

==================================================================

**പരാമർശം:-** 1) തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ 03/09/2018 ലെ 2(1)ാം നമ്പർ ഭരണസമിതി തീരുമാനം
2) തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07/09/2018 ലെ പിഎൽജി 220/2018-19/ഡിപിസി/ഡിപിഒ/റ്റിവിഎം-സിസി നമ്പർ കത്ത്.
3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018 തീയതിയിലെ തീരുമാനം നമ്പർ 4.6

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സമ്പൂർണ്ണ ജലസുരക്ഷയ്ക്കായി 2017-18 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ളതും 2018-19 സ്പിൽ ഓവറായി തുടരുന്നതുമായ ജലശ്രീ പദ്ധതി (പ്രോജക്ട് നമ്പർ 579/19 അടങ്കൽ തുക 2,11,35,942/- ) യിൽ ഉൾപ്പെടുത്തി വലിയ സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രികൾ, സർക്കാർ പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എൽ.എസ്.ജി.ഡി എഞ്ചിനീയർ തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റിന്റെയും, തദ്ദേശഭരണ പൊതുമരാമത്ത് ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഭൂഗർഭ ജലസംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകണമെന്ന തിരുവനന്തപുരം ജില്ലാപഞ്ചായത്ത് തീരുമാനം ശുപാർശയോടെ പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

**2.** ഇക്കാര്യം 27/9/2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം (3) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിണർ റീ ചാർജിംഗിനു നിലവിലെ നിരക്ക് തുടരണമെന്നും (പരന്ന മേൽക്കൂരയുള്ള കെട്ടിടത്തിന് 20,500/- രൂപയും ചരിഞ്ഞ മേൽക്കൂരയുള്ളതിന് 24,500/- രൂപയും) മറ്റ് രീതിയിലുള്ള മഴവെള്ള സംരക്ഷണത്തിന് യഥാർത്ഥ നിരക്ക് സ്വീകരിക്കാവുന്നതാണ് എന്നുമുള്ള നിബന്ധനകളോടെ തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന അടങ്കൽ തുക 2,11,35,942 രൂപയായിട്ടുള്ള സമ്പൂർണ്ണ ജലസുരക്ഷയ്ക്കായുള്ള പ്രോജക്ട് നമ്പർ 579/19

(ജലശ്രീ പ്രോജക്റ്റ്) നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാപഞ്ചായത്ത് സെക്രട്ടറി, തിരുവനന്തപുരം
ജില്ലാപ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡിഎ ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ